# KERALA POLICE INFORMATION CENTRE

No.14/PR/PIC/PHQ/10 Date : 11/02/10

## മൊബൈൽ ഫോൺ ശല്യക്കാരെ കുടുക്കാൻ ഹൈടെക് ക്രൈം എൻക്വയറി സെൽ

കമ്പ്യൂട്ടർ, ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നീ മാധ്യമങ്ങൾ വഴി സ്ത്രീകളെ ശല്യം ചെയ്യൽ, ഭീഷണിപ്പെടുത്തൽ, അശ്ലീലസന്ദേശങ്ങൾ കൈമാറൽ, സ്ത്രീകളുടെ ഫോട്ടോകൾ മോർഫിങ് ചെയ്ത് പ്രചരിപ്പിക്കൽ, മൊബൈൽഫോൺ മോഷണം, മറ്റുള്ളവരുടെ പേരിൽ വ്യാജ ഇ-മെയിൽ സന്ദേശങ്ങൾ അയയ്ക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങൾ അടുത്തകാലത്തായി വർദ്ധിച്ചുവരുന്നതായി കാണുന്നു. ഇത്തരം കമ്പ്യൂട്ടർ/ഇന്റർനെറ്റ് അധിഷ്ഠിത സാങ്കേതിക കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ പിടികൂടുന്നതിനും വേണ്ടി തിരുവനന്തപുരം പോലീസ് ആസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോട് കൂടിയതും സാങ്കേതിക വൈദഗ്ധ്യം നേടിയ ഉദ്യോഗസ്ഥന്മാരടങ്ങിയതുമായ ഹൈ-ടെക് എൻക്വയറി സെൽ പ്രവർത്തിച്ചു വരുന്നു.

സങ്കീർണ്ണ സൈബർ കുറ്റകൃത്യങ്ങളായ ഇ-മെയിൽ ദുരുപയോഗം, ഓർക്കൂട്ട് ദുരുപയോഗം, മൊബൈൽ ഫോൺ മോഷണം എന്നിവയുടെ അന്വേഷണത്തിന് മറ്റ് സർക്കാർ, സ്വകാര്യ ഏജൻസികളുമായി സംയോജിച്ചുള്ള അന്വേഷണവും ഇവിടെ നടന്നുവരുന്നു. പോലീസ് സ്റ്റേഷനുകൾക്കും മറ്റ് അന്വേഷണ ഏജൻസികൾക്കും ആവശ്യമായ സാങ്കേതിക തെളിവുകൾ ശേഖരിക്കുന്നതിനുള്ള സഹായവും ഇവിടെ നിന്നും ലഭ്യമാക്കുന്നുണ്ട്. ഇന്റർനെറ്റ് അധിഷ്ഠിത ക്രിമിനൽ കുറ്റങ്ങൾ രജിസ്റ്റർ ചെയ്യുന്നതും അന്വേഷണം നടത്തുന്നതും സൈബർ പോലീസ് സ്റ്റേഷനിലും ബന്ധപ്പെട്ട സ്ഥലത്തെ പോലീസ് സ്റ്റേഷനുകളിലുമായിരിക്കും.

ജില്ലാ പോലീസ് സൂപ്രണ്ടുമാരുടെ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും ക്രൈം ഡിറ്റാച്ചുമെന്റ് DySP മാരുടെ നേതൃത്വത്തിൽ സൈബർ സെല്ലുകൾ പ്രവർത്തിക്കുന്നു. C-DAC തുടങ്ങിയ സാങ്കേതിക സ്ഥാപനങ്ങളിൽ വിദഗ്ധ പരിശീലനം നേടിയവരാണ് ഹൈടെക് സെല്ലിലും, ജില്ലാ സൈബർ സെല്ലുകളിലും ജോലി നോക്കുന്നത്. കേരള പോലീസിലെ വിവിധ അന്വേഷണ ഏജൻസികൾക്കും, പോലീസ് സ്റ്റേഷനുകൾക്കും ആവശ്യമായ ഡിജിറ്റൽ തെളിവുകൾ ശേഖരിച്ച് നൽകുന്നത് ഹൈടെക് ക്രൈം എൻക്വയറി സെല്ലിന്റെ പ്രധാന ചുമതലയാണ്. മൊബൈൽ സേവനദാതാക്കൾ നൽകുന്ന വിശദാംശങ്ങളിൽ നിന്നും കുറ്റവാളികളുടെയും, കുറ്റകൃത്യങ്ങളുടെയും വിവരങ്ങൾ കണ്ടെത്താനുള്ള സാങ്കേതിക വൈദഗ്ധ്യവും ഹൈടെക് ക്രൈം എൻക്വയറി സെല്ലിനുണ്ട്.

മൊബൈൽഫോൺ, കമ്പ്യൂട്ടർ എന്നിവ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾക്ക് വിധേയരാകുന്നവർ ഹൈ-ടെക് സെല്ലിനെ സമീപിക്കാൻ മടി കാണിക്കരുത്. ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ നടപടി എടുക്കുമ്പോൾ മാത്രമേ ഇത് തടയാൻ കഴിയുകയുള്ളൂ. പരാതിപ്പെടാതിരിക്കുന്നതും, നടപടി എടുക്കാതിരിക്കുന്നതും കുറ്റവാളികൾക്ക് വീണ്ടും കുറ്റം ചെയ്യാനുള്ള പ്രോത്സാഹനമാകുന്നു. അശ്ലീലങ്ങളായ ചിത്രങ്ങൾ,സന്ദേശങ്ങൾ എന്നിവ അയക്കുന്നതും, കുറ്റകരമായ സന്ദേശങ്ങൾ അയക്കുന്നതും മൂന്നുവർഷംവരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യങ്ങളാണ്.

The contents of this document may be deemed to be based on received information which is subject to further verification